വൈദ്യുതി ബോർഡ് ജീവനക്കാർക്ക് ലീവ് സറണ്ടർ ആനുകൂല്യം

155 [3560] ശ്രീ. ഷിബു ബേബിജോൺ:

,, കെ. ബി. ഗണേഷ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാർക്ക് പുനഃസ്ഥാപിച്ച ലീവ് സറണ്ടർ ആനുകൂല്യം വൈദ്യുതി ബോർഡ് ജീവനക്കാർക്ക് പുനഃസ്ഥാപിച്ചിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; എന്നത്തേക്ക് പരിഹരിക്കാനാകുമെന്ന് വെളിപ്പെടുത്താമോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഈ ആനുകൂല്യം പുനഃസ്ഥാപിക്കുന്നതിനെപ്പറ്റി ബോർഡ് ആലോചിക്കുന്നതാണ്.

ഇടുക്കി ജില്ലയിലെ പ്രദേശങ്ങൾ തൊടുപുഴ എ. ഇ.-യുടെ കീഴിലേക്ക് മാറ്റുവാൻ നടപടി

156 [3561] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ കുത്താട്ടുകുളം, കല്ലൂർക്കാട് കെ. എസ്. ഇ. ബി. എ. ഇ.-യുടെ കീഴിലുള്ള ഇടുക്കി ജില്ലയിലെ പ്രദേശങ്ങൾ തൊടുപുഴ എ. ഇ. യുടെ കീഴിലേക്ക് മാറ്റുവാൻ നടപടി സ്വീകരിക്കുമോ;

(ബി) രണ്ടു ജില്ലകളിലുള്ള മേൽനോട്ടം മൂലം വൈദ്യുതി ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് എറണാകുളം ജില്ലയുടെ മേൽനോട്ടം ഇടുക്കി ജില്ലാ വൈദ്യുതി ബോർഡിലെ എ. ഇ.-യുടെ കീഴിൽ കൊണ്ടുവരാൻ തടസ്സമായി നിൽക്കുന്നത് എന്തെല്ലാം കാര്യങ്ങളാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഉപഭോക്താക്കളുടെ എണ്ണവും സൗകര്യവും ഭൂപ്രകൃതിയും നോക്കിയാണ് സെക്ഷൻ ഓഫീസുകൾ രൂപീകരിക്കുന്നത്. അല്ലാതെ പൂർണ്ണമായും ജില്ല അടിസ്ഥാനമാക്കിയല്ല. ഇക്കാര്യത്തെ സംബന്ധിച്ച് ബോർഡിന് ഇതേവരെ പരാതിയൊന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly